## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.828 25/01/2018-ൽ മറുപടിയ്ക്ക്**

**<u>ഗോത്ര വാത്സല്യനിധി പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.ഡി.സതീശൻ :** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ പെൺകുട്ടികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഗോത്ര വാത്സല്യനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) യും (ബി) യും | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി 'ഗോത്രവാത്സല്യ നിധി' എന്ന പേരിൽ സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് സ.ഉ(സാധാ) നം.2341/2017 പജപവവിവ തീയതി, 22/09/2017 പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്.<br>01/04/2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 800 പെൺകുട്ടികളെ ആദ്യഘട്ടത്തിൽ ഇൻഷ്വർ ചെയ്യുന്നതായിരിക്കും. |
| (ബി) | ഇതിനകം എത്രപേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയെന്ന് അറിയിക്കാമോ; | | |
| (സി) | പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ എന്തെങ്കിലും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | ഇൻഷ്വറൻസ് പ്രീമിയമായി അടയ്ക്കുന്ന മുഴുവൻ തുകയും സംസ്ഥാന പദ്ധതിയിൽ നിന്നാണ് നല്കുന്നത്. ഇതിനു കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ.